ഭരണഭാഷ-മാതൃഭാഷ

നമ്പർ :**DTETVM/4289/2024-ED2 (ED)**

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
തീയതി : **30-04-2025**

## <u>പരിപത്രം</u>

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനകാര്യം (ഡി) - പാർട്ട്ടൈം കണ്ടിജൻറ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് ഫുൾ ടൈം തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിലേക്ക് - താത്പര്യ പത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- **1.** ഈ കാര്യാലയത്തിൽ നിന്നുള്ള **26.11.2024** തീയതിയിലെ **DTETVM/4781/2024-EG1(EG)** നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിറ്റി പട്ടിക.
**2. 30.11.2023** തീയതിയിലെ ജി.ഒ(പി) നം.**17/2023**/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.

ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിട്ടറി വർക്കർ തസ്തികയിൽ ചുവടെ പ്രകാരം നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നേടാൻ തൽപ്പര്യമുള്ളവരും, മേൽ സൂചന **(1)** പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും പ്രസ്തുത തസ്തികയിൽ തസ്തികമാറ്റ നിയമനത്തിന് താൽപ്പര്യമുള്ളവരുമായ ജീവനക്കാർ **09.05.2025 വൈകിട്ട് 5** മണിക്ക് മുൻപായി താഴെപ്പറയുന്ന മാതൃകയിൽ സമ്മതപത്രം, **edsectiondte@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ, സ്ഥാപന മേധാവി മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്. ഈ സർക്കുലർ പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ സമ്മതപത്രം നൽകാത്ത ജീവനക്കാരെ പ്രസ്തുത ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിട്ടറി വർക്കർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴിയുള്ള നിയമനങ്ങൾക്ക് പരിഗണിക്കുന്നതല്ല. ആയതിനാൽ സ്ഥാപന മേധാവികൾ പ്രസ്തുത സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

**<u>ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിട്ടറി വർക്കർ തസ്തികയിലെ നിലവിലെ ഒഴിവ് വിവരം.</u>**

| ക്രമ നം. | സ്ഥാപനം | ഒഴിവ് |
|---|---|---|
| **1.** | കോളേജ് ഓഫ് ഫൈൻ ആർട്ട്സ്, തിരുവനന്തപുരം | **1** |
| **2.** | സെൻട്രൽ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം | **1** |
| | | |

| | | |
|---|---|---|
| **3.** | കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം | **6** |
| **4.** | ഹോസ്റ്റൽ ഓഫീസ്, കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം | **4** |
| **5.** | സർക്കാർ പോളിടെക്‌നിക് കോളേജ്, പുനലൂർ | **4** |
| **6.** | രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്‌നോളജി, കോട്ടയം | **3** |
| **7.** | സർക്കാർ പോളിടെക്‌നിക് കോളേജ്, കോട്ടയം | **1** |
| **8.** | സർക്കാർ പോളിടെക്‌നിക് കോളേജ്, വെച്ചൂച്ചിറ | **1** |
| **9.** | സർക്കാർ പോളിടെക്‌നിക് കോളേജ്, പുറപ്പുഴ | **1** |
| **10.** | സർക്കാർ പോളിടെക്‌നിക് കോളേജ്, വണ്ടിപ്പെരിയാർ | **1** |
| **11.** | ഹോസ്റ്റൽ ഓഫീസ്, സർക്കാർ എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ | **1** |
| **12.** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , ശ്രീകൃഷ്ണപുരം | **1** |
| **13.** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , കോഴിക്കോട് | **1** |
| **14.** | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് , കണ്ണൂർ | **1** |
| **15.** | സർക്കാർ പോളിടെക്‌നിക് കോളേജ്, നടുവിൽ | **3** |
| **16.** | ഇ. കെ. എൻ. എം. സർക്കാർ പോളിടെക്‌നിക് കോളേജ്, തൃക്കരിപ്പൂർ | **1** |

**പ്രോഫോർമ**

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും,നിലവിൽ ജോലി ചെയ്യുന്ന തസ്തികയും. | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ. | വകുപ്പിന് കീഴിൽ ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നേടുന്നതിന് സമ്മതമാണോ. |
|---|---|---|---|
| | | | |

**നിബന്ധനകൾ**

1. ഫുൾ ടൈം തസ്തിക മാറ്റ നിയമനം സംസ്ഥാന തലത്തിലായതിനാൽ വകുപ്പിന് കീഴിൽ, സംസ്ഥാനത്തിനുള്ളിൽ ഏത് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവർ

ആയിരിക്കണം. ഒരു പ്രത്യേക ജില്ലയോ, പ്രത്യേക സ്ഥാപനമോ സ്ഥാനക്കയറ്റ നിയമനത്തിനായി തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. ഫുൾ ടൈം തസ്തിക നിയമനത്തിന് താൽപ്പര്യമുള്ള ജീവനക്കാരുടെ സമ്മത പത്രം പ്രോഫോമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

3. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണ വശാലും പരിഗണിക്കുന്നതല്ല.

4. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

5. **സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമന ഉത്തരവ് തീയതിയ്ക്ക് ശേഷം പ്രസ്തുത നിയമനം പരിത്യജിക്കുവാനുള്ള അവകാശം ടി ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല.** ഇക്കാര്യം സ്ഥാപന മേധാവി ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.

Signed by
Shalij P R
Date: 30-04-2025 12:39:09